For Private Circulation Only

# ബേസിൽ വോയ്സ്

# Basil Voice



താഴത്തങ്ങാടി മാർ ബേസിൽ യുവജനപ്രസ്ഥാന പ്രസിദ്ധീകരണം



വാല്യം -1 ഏപ്രിൽ - ജൂൺ 2010

## മലങ്കര സഭക്ക് എഴ് പുതിയ ഇടയന്മാർ



**1. സഖറിയാ റമ്പാൻ (43)**
താഴത്തങ്ങാടി മാർ ബസേലിയോസ് മാർ ഗ്രീഗോറിയോസ് പള്ളി വികാരി. ചുങ്കത്തറ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗം, ചുങ്കത്തറ കാടുവെട്ടു തച്ചിരുപറമ്പിൽ ഇ. കെ. കുര്യാക്കോസിന്റെയും ശോശാമ്മയുടേയും മകനായി 1966 മാർച്ച് 11-ന് ജനിച്ചു. പ. കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി, മലങ്കര സഭാ മാസിക ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. (ബി.എസ്.സി.) -യും ദൈവശാസ്ത്രത്തിൽ Phd-യും നേടി.

**2. ഡോ. നഥനയേൽ റമ്പാൻ (57)**
മാവേലിക്കര തോപ്പിൽ തെക്കേമതിൽ ജോർജിന്റെയും തങ്കമ്മയുടേയും മകനായി 1953 ഫെബ്രുവരി 10-ന് ജനിച്ചു. മാവേലിക്കര മിഷൻ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പൽ, സഭാ മിഷൻ സൊസൈറ്റി ആൻഡ് മിഷൻ ബോർഡ് സെക്രട്ടറി പുതുപ്പാടി സെന്റ് പോൾസ് ആശ്രമം സുപ്പീരിയർ, ദൂതൻ മാനേജിംഗ് എഡിറ്റർ, എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. M.A -യും, ദൈവശാസ്ത്രത്തിൽ Phd യും നേടി.

**3. ഗീവർഗീസ് റമ്പാൻ (42)**
കണിയാമ്പൽ പുലിക്കോട്ടിൽ പാവുവിന്റെയും അന്നമ്മയുടെയും മകനായി 1967 മെയ് 17 -ന് ജനനം. നാഗ്പൂർ വൈദിക സെമിനാരി പ്രൊഫസർ. ലിറ്റർജിക്കൽ ട്രാൻസ്ലേഷൻ കമ്മറ്റി കൺവീനറും ദിവ്യബോധനം (ഇംഗ്ലീഷ് വിഭാഗം) കോ-ഓർഡിനേറ്ററുമാണ്. Bsc-യും ദൈവശാസ്ത്രത്തിൽ Phd-യും നേടി.

**4. യാക്കോബ് റമ്പാൻ (56)**
കിഴക്കെ വിരുതിയത്ത് കിഴക്കേതിൽ മത്തായിയുടേയും മറിയാമ്മയുടേയും മകനായി 1953 ഫെബ്രുവരി 24- ന് ജനിച്ചു. ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ മാനേജരും സെന്റ് ബേസിൽ ബൈബിൾ സ്കൂൾ ഡയറക്ടറുമാണ്. M.A-യും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും.

**5. യൂഹാനോൻ റമ്പാൻ (47)**
കുരമ്പാല നെടിയ വിളയിൽ മത്തായിയുടെയും തങ്കമ്മയുടെയും മകനായി 1962 ഒക്ടോബർ 8- ന് ജനിച്ചു. റാന്നി ഹോളി ട്രിനിറ്റി ആശ്രമം സുപ്പീരിയർ. എം. എ- യും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടി.

**6. ഏബ്രഹാം റമ്പാൻ (40)**
വടുതല പുത്തൻവീട് വി. എ. മാത്യൂസിന്റെയും ആനിയുടേയും മകനായി 1969 ഡിസംബർ 28- ന് ജനനം. MGOCSM ജനറൽ സെക്രട്ടറി, സഭാ മാനേജിംഗ് കമ്മറ്റിഅംഗവുമാണ്. Bsc-യും ദൈവശാസ്ത്രത്തിൽ ഗവേഷണ ബിരുദവും.

**7. യൂഹാനോൻ റമ്പാൻ (57)**
തോണക്കാട് പാലമൂട്ടിൽ മാത്യൂസിന്റെയും മേഴ്സിയുടേയും മകനായി 1952 ഡിസംബർ 18 -ന് ജനിച്ചു. കോട്ടയം വൈദിക സെമിനാരി പ്രൊഫസർ, എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ഓറിയന്റൽ ഓർത്തഡോക്സ് ആൻഡ് കാത്തലിക് ചർച്ച് ഡയലോഗ്സ് കോ-സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. B. A.-യും Phd-യും നേടി.



ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ. ബാവാ തിരുമേനി ആശീർവദിച്ച ജൂബിലി പതാക അഭിവന്ദ്യ ദീയസ്കോറോസ് തിരുമേനി ബഹു. വർഗീസ് സഖറിയാ അച്ചനിൽ നിന്ന് സ്വീകരിക്കുന്നു.

## മാർ ബേസിൽ യുവജനപ്രസ്ഥാനം



താഴത്തങ്ങാടി മാർ ബസ്സേലിയോസ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിലെ മാർ ബേസിൽ യുവജനപ്രസ്ഥാനത്തിന്റെ 2009 -2010 വർഷത്തെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി വൈസ് പ്രസിഡണ്ടായി ശ്രീ. കെ. പി. പുന്നൂസ്, സെക്രട്ടറിയായി ശ്രീ. ഷിജോ. കെ. മാത്യു, ജോയിന്റ് സെക്രട്ടറിയായി ശ്രീ. ബ്രിജിത്ത് കെ. ബേബി, ട്രഷററായി ശ്രീ. ജേക്കബ് കെ. വർഗീസ് എന്നിവരെ തെരഞ്ഞെടുത്തു. അതുകൂടാതെ 9 എക്സിക്യൂട്ടീവ് അംഗങ്ങളെയും രക്ഷാധികാരികളായ സജൻ എ. വർഗീസ്, ജോജി ജി. അമ്പാട്ട്, സാബു കെ. ജോൺ,ബിനോ വർഗീസ് എന്നിവരേയും തിരഞ്ഞെടുത്തു.

പ്രതിവാര യോഗങ്ങൾ എല്ലാ ശനിയാഴ്ചകളിലും സന്ധ്യാനമസ്കാരത്തെത്തുടർന്ന് പള്ളിയിൽ കൂടിവരുന്നു. നടപ്പുവർഷത്തിൽ 36 പ്രതിവാരയോഗങ്ങളും 10 എക്സിക്യൂട്ടീവ് യോഗങ്ങളും കൂടുകയുണ്ടായി. പ്രസ്ഥാനത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവർത്തകർ എല്ലാവരും കൂടിശേഖരിച്ച 15,000-ത്തോളം രൂപാ പാമ്പാടി കേന്ദ്രമായി പ്രവർത്തിക്കുന്ന അഭയഭവൻ, ആശാകിരൺ, ബാലഭവൻ എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ച് അവർക്ക് നൽകി. സ്കൂൾ വർഷാരംഭത്തിൽ ഇടവകയിലെ നിർധനരായ വിദ്യാർത്ഥികൾക്ക് സൗജന്യ പഠനോപകരണ വിതരണവും നിർവ്വഹിച്ചു. അതുപോലെ ബ്ലഡ് ഫോറവും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഓഗസ്റ്റ് മാസം 15-ാം തീയതി ഇടവകയിലെ എല്ലാവരെയും ഉൾപ്പെടുത്തി ഏകദിന സെമിനാർ നടത്തി. ക്ലാസുകൾക്ക് നേതൃത്വം നൽകിയത് റവ. ഫാ. റ്റി. ജെ. ജോഷ്വാ, സിസ്റ്റർ സുജ, ബ്രദർ ജോസ് എന്നീ പ്രമുഖ വ്യക്തികളാണ്. സെപ്റ്റംബർ മാസം 2-ാം തീയതി ഇടവകയിൽ പ്രസ്ഥാനം ഓണാഘോഷം നടത്തി. ഫാ. വിൽസൺ സി. മാത്യു ഉത്ഘാടനം

(ശേഷം പേജ് 2-ൽ)

## നോമ്പിന്റെ നൊമ്പരവും സുഗന്ധവും

**ഫാ. വിൽസൺ മാത്യു ബേസിൽ ദയറാ**

"The meeting of two personalities is like the contact of two chemical substances: if there is any reaction both are transformed" Carl Gustav Jung രണ്ട് വ്യക്തിത്വങ്ങളുടെ സമീപനം, രണ്ട് രാസവസ്തുക്കളുടെ സാമീപ്യം പോലയാണ് ഇവ തമ്മിൽ എന്തെങ്കിലും രാസപ്രവർത്തനങ്ങൾ നടന്നാൽ രണ്ട് രാസവസ്തുക്കളും പുതിയ മൂലകമായോ, സംയുക്തമായോ മാറ്റപ്പെടാം. മനശാസ്ത്രത്തിന് ആധുനികതയുടെ വാതിൽ തുറന്ന് കൊടുത്ത ശ്രേഷ്ഠ വ്യക്തിത്വങ്ങളിലൊരാളാണ് കാൾ ഗുസ്താവ് ജുങ്. അദ്ദേഹത്തിന്റെ മനശാസ്ത്രപരമായ ഈ വീക്ഷണം ഏതു തലത്തിലും അംഗീകരിക്കാവുന്നതാണ്. അദ്ധ്യാത്മിക-ബൗദ്ധിക-സാമൂഹ്യതലത്തിലെല്ലാം ഇത് പ്രസക്തമാണ്. സഭയുടെ ശ്രേഷ്ഠമായ നോമ്പനുഷ്ഠാനങ്ങളിലും ഇതിന്റെ അനുകരണനങ്ങൾ ദൃശ്യമാണ്. ഓരോ നോമ്പനുഷ്ഠാനങ്ങളും ഒരു രാസപ്രവർത്തനത്തിന് സമാനമാണ്. അനുഷ്ഠാനങ്ങൾ അർത്ഥപൂർണ്ണമാകുമ്പോൾ ഈ രാസപ്രവർത്തനം പ്രയോജനപ്രദങ്ങളായ ജീവിതാവസ്ഥയെ പ്രദാനം ചെയ്യുന്നു. എന്നാൽ, ജീവിതത്തിനും, ജീവിത പന്ഥാവിനും വ്യതിചലനം സംഭവിക്കുമ്പോൾ ഈ പ്രവർത്തനം ഗുണത്തേക്കാളേറെ ദോഷമായിരിക്കും പ്രദാനം ചെയ്യുന്നത്.

**Bio-Egalitarianism (പരസ്പര തുല്യത) എന്ന പദത്തിന്റെ അർത്ഥം**
നോമ്പനുഷ്ഠാനങ്ങൾക്ക് ഒരു നൂതന അർത്ഥതലം പ്രദാനം ചെയ്യുന്നു. ആദിമ മനുഷ്യൻ ഏദൻ തോട്ടത്തിൽ നഷ്ടപ്പെടുത്തിയ, സ്രഷ്ടാവുമായുള്ള ഈ പരസ്പരതുല്യത വീണ്ടെടുക്കുവാനുള്ള അവസരമാണ് നോമ്പും, ഉപവാസവും കൊണ്ട് അർത്ഥമാക്കുന്നത്. ദൈവകല്പന ആദിയിൽ മനുഷ്യൻ നിരസിച്ചത്

(ശേഷം പേജ് 2-ൽ)



കർത്താവിൽ പ്രിയരേ,
ബേസിൽ വോയ്സ് പുതിയ ലക്കം പ്രസിദ്ധീകരിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു. ഇടവകയുടെ ആത്മീയ പുരോഗതിയിൽ പങ്ക് ചേർന്ന് പ്രവർത്തിക്കുവാൻ ഉത്സാഹിക്കണം. നമ്മുടെ വ്യക്തിപരമായ ജീവിതത്തിനും വളർച്ചയ്ക്കും രക്ഷകനായ യേശുവിന്റെ സാന്നിധ്യം കൂടിയേ തീരൂ. കർത്താവിനെ സ്നേഹിക്കുക, താഴ്മയോടെ ജിവിക്കുക, നല്ലത് പ്രവർത്തിക്കുക എന്നതായിരിക്കട്ടെ നിങ്ങളുടെ ജീവിത ലക്ഷ്യം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,
നിങ്ങളുടെ വികാരി.

**ഡോ. സഖറിയാ റമ്പാൻ**

## എഡിറ്റോറിയൽ

പരിശുദ്ധ പൗലോസ് ശ്ലീഹാ കോരിന്ത്യർക്ക് എഴുതിയ 1-ാം ലേഖനം 7-ാം അദ്ധ്യായം



5-ാം വാക്യം. ആകയാൽ നോമ്പിനും പ്രാർത്ഥനയ്ക്കും നിങ്ങൾ അവസരമുണ്ടാക്കേണ്ടുന്നതിന് ചിലപ്പോൾ നിങ്ങൾ ഇരുവരും സമ്മതത്തോടെ അല്ലാതെ നിങ്ങൾ തമ്മിൽ തമ്മിൽ വേർപെടുകയും അരുത്. നിങ്ങളുടെ ശരീരത്തിന്റെ മോഹം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിപ്പാ നായി വീണ്ടും ആ കാര്യത്തിലേക്കുതന്നെ നിങ്ങൾ തിരിഞ്ഞുകൊള്ളുവീൻ. പ്രാർത്ഥനയുടേയും നോമ്പിന്റെയും വ്രതാനുഷ്ഠാനങ്ങളാൽ നമ്മുടെ മനസ്സും ഹൃദയവിചാരങ്ങളും കഴുകി വെടിപ്പാക്കി ദൈവതിരുമുമ്പാകെ ഇഴുകിച്ചേർന്ന് ഇരിക്കുവാൻ ഇടയാകണം. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾക്ക് ദൈവംതമ്പുരാൻ നൽകിയ കരുതലിനും വഴിനടത്തലിനും ആ തൃപ്പാദത്തിങ്കൽ ആയിരം ആയിരം സ്നേഹചുംമ്പന ങ്ങൾ അർപ്പിക്കുന്നു.

കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളിലേക്ക് ഒന്നു കണ്ണോടിക്കുമ്പോൾ ദൈവകൃപയാൽ എല്ലാം ഒന്നിനൊന്നു മികച്ചതായി നമുക്ക് കാണുവാൻ സാധിക്കും. ഉചിതമായ നേതൃത്വപാടവം കൊണ്ടും അംഗങ്ങളുടെ കൂട്ടായ കഠിന പരിശ്രമത്തിന്റെയും പ്രാർത്ഥനയുടെയും ഫലം ഓരോ പരിപാടിയുടെയും വിജയത്തിൽ കൂടി നമുക്കരുചിച്ചറിയാൻ സാധിക്കും. പ്രാർത്ഥന ശൈശവത്തിലെ ഉത്സാഹവും യൗവനത്തിലെ ആശ്രയവും, വാർദ്ധക്യത്തിലെ സമാധാനവും ആകുന്നു എന്ന പ. പരുമല തിരുമേനിയുടെ വാക്കുകൾ ഒരു പ്രചോദനമായി ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ എല്ലാ പ്രവർത്തകരും പരിശ്രമിച്ചു.

ഏതു പ്രവർത്തനങ്ങൾക്കും ഞങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും വഴിത്താങ്ങലുമായി മാറിയ ബഹു. സഖറിയാ റമ്പാച്ചൻ മേൽപ്പട്ടസ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടത് ഇടവക മുഴുവനും അഭിമാനമായി ഘോഷിക്കുന്ന ഈ വേളയിൽ ബഹു. റമ്പാച്ചനോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. അതുപോലെ ഇടവക ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ഇടവകാംഗങ്ങൾ പ്രസ്ഥാനം പ്രവർത്തകർ എന്നിവരോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

നാളിതുവരെ കാവൽ ചെയ്തു ഞങ്ങളെ കാത്ത മാർ ബഹനാൻ സഹദായുടേയും, ബസേലിയോസ് ഗ്രീഗോറിയോസ് പിതാക്കന്മാരുടെയും മലങ്കരയുടെ പരിശുദ്ധന്മാരായ പ. പരുമല തിരുമേനിയുടെയും, വട്ടശ്ശേരിൽ തിരുമേനിയുടെയും, വി. കന്യക മറിയാം അമ്മയുടെയും പ്രാർത്ഥനയും അനുഗ്രഹങ്ങളും എന്നും ഞങ്ങൾക്ക് കാവലും കോട്ടയും ആയി തീരട്ടെ..

**എഡിറ്റർ**

**നോമ്പിന്റെ നൊമ്പരവും** പേജ് 1 -തുടർച്ച ....... )

ഭക്ഷണത്തോടുള്ള ആർത്തികൊണ്ടായിരുന്നു. ഭക്ഷണത്തോടുള്ള ആസക്തി ഇല്ലാതാക്കി, വീണ്ടും സ്വയം സമർപ്പണത്തിന്റെയും, അനുസരണത്തിന്റെയും പാതയിലേക്ക് പ്രവേശിപ്പിക്കുവാനും, ഏദൻ പറുദീസയുടെ അനുഭവം ഉൾക്കൊള്ളാനുമാണ് നോമ്പും, ഉപവാസവും നമ്മെ സഹായിക്കുന്നത്. പ്രാർത്ഥനയിലും ഉപവാസത്തിലും അധിഷ്ഠിതമായ ജീവിത ശൈലിയുടെ അർത്ഥവും, വ്യാപ്തിയുമെന്തെന്ന് നാം മനസ്സിലാക്കണം. ഏറ്റവും ഉദാത്തമായ പാതയിലേക്കുള്ള പ്രയാണമാണ് ഇതിലൂടെ ലഭ്യമാകുന്നത്. നോമ്പിന്റെ അനുഭവം നമ്മെ പ്രാപ്തമാക്കുന്ന ചില തലങ്ങളുണ്ട്. നോമ്പിന്റെ അനുഭവത്തിൽ നാം വളരുമ്പോൾ നാം ചില സംഗതികൾക്ക് പ്രത്യേക പ്രാധാന്യം നൽകണം.

"Do more than exist - Live
Do more than touch - Feel
Do more than look - Observe
Do more than hear - Listern
Do more than - Understand
Do more than think - Ponder
Do more than talk - Act"

അതിജീവനത്തെക്കാൾ ജീവിതത്തിനും, നോട്ടത്തെക്കാൾ നിരീക്ഷണത്തിനും, കേൾവിയെക്കാൾ തീഷ്ണമായ ശ്രദ്ധയ്ക്കും, ശ്രദ്ധയേക്കാൾ മനസ്സിലാക്കുന്നതിനും, ചിന്തയെക്കാൾ പരിപാലനത്തിനും, സംസാരത്തെക്കാൾ പ്രവർത്തിക്കും പ്രാധാന്യം നൽകണം. അതായത്, സ്വയ നിയന്ത്രണത്തിനും, ആത്മ സമർപ്പണത്തിനുമുള്ള മാർഗ്ഗമായി നോമ്പിനെ കാണണം. ഓരോ നോമ്പും നൊമ്പരങ്ങളെ പ്രദാനം ചെയ്യുന്നതായിരിക്കണം. മനസ്സിനെ സ്പർശിക്കുന്ന ചില നൊമ്പരങ്ങൾ അനുകൂല സ്ഥലത്ത് വളരുന്ന ഒരു ചെടിയെ മാറ്റിനടുന്ന ഒരു അനുഭവമാണ് നോമ്പിലെ നൊമ്പരത്തിലുള്ളത്. ആദ്യ വളർച്ചയ്ക്ക് തടസ്സം നേരിടുമെങ്കിലും, കാലക്രമേണ അതിനെ അതിജീവിക്കുവാനുള്ള ശക്തി ചെടി നേടിയെടുക്കും. നോമ്പിന്റെ അനുഭവവും ഇതാണ്.

ലോക ഗതിക്കനുസൃതമായ ഓട്ടത്തിനിടയിൽ അതിനു ബദലായ ഒരു പാത കാട്ടിക്കൊടുക്കുകയാണ് നോമ്പിലൂടെ അർത്ഥമാക്കുന്നത്. ദൈവം എല്ലാ ജീവിത സാഹചര്യങ്ങളും നൽകിയിട്ടുണ്ടെങ്കിലും, ഇതെല്ലാം അനുദിന ജീവിതത്തിന് ആവശ്യമില്ല എന്ന പാഠവും ഇതിലൂടെ ലഭിക്കുന്നു. സ്രഷ്ടാവ് ആവശ്യപ്പെടാതെ തന്നെ നോമ്പനുഷ്ടിക്കുന്ന അനുഭവമാണിത്. ഇതു മൂലമുള്ള നൊമ്പരമാണ് നോമ്പിനെ വ്യതിരിക്തമാക്കുന്നത്.

ഓരോ നോമ്പും എന്തിനെയെങ്കിലും ഉപേക്ഷിക്കുവാൻ പ്രേരിപ്പിക്കുന്നു. എന്നാൽ അതിന്റെ അവസാനം ഒരു ഉത്സവമാണ്. പെരുന്നാളാണ്, അതായത്, നിയന്ത്രണ വിധേയമായ ജീവിതാനുഭവങ്ങളിലൂടെ ഒരു വലിയ സ്വീകരണത്തിനുള്ള സാഹചര്യമാണ് ഈ നോമ്പനുഭവം പ്രദാനം ചെയ്യുന്നത്. വലിയ സന്തോഷം, അതിന്റെ തീവ്രതയോടെ അനുഭവിക്കണമെങ്കിൽ ചില ദു:ഖങ്ങളും നിയന്ത്രണങ്ങളും ആവശ്യമാണ്. അനേകം വിഭവങ്ങളുള്ള ഒരു സദ്യ ഭക്ഷിക്കുന്നതിന് മുമ്പ് ആരും ഗുണം കുറഞ്ഞതും, സുലഭവുമായ ഭക്ഷണപദാർത്ഥങ്ങൾ ഭക്ഷിച്ച് ഉദരം നിറച്ച് പോകാറില്ലല്ലോ. ഗംഭീരസദ്യ രുചികരമായി, ആവശ്യത്തിന് ഭക്ഷിക്കണമെങ്കിൽ ഉദരം ഒഴിഞ്ഞിരിക്കണം. യഥാർത്ഥത്തിൽ ഓരോ നോമ്പും ഈ ഒരു സത്യം നമ്മെ പഠിപ്പിക്കുന്നു. ലോകമോദങ്ങളും ആഡംബരങ്ങളും യഥേഷ്ടം ഭുജിച്ചാൽ, അതുകൊണ്ട് ജീവിതം നിറച്ചുകഴിഞ്ഞാൽ, ദൈവം ഒരുക്കിയിരിക്കുന്ന ശ്രേഷ്ഠമായ ഭോജ്യം നമുക്കെങ്ങനെ ഉൾക്കൊള്ളുവാൻ കഴിയും. ഭക്ഷണപദാർത്ഥങ്ങളും, ലോക മോഹങ്ങളും ഉപേക്ഷിച്ച് നോമ്പനുഷ്ഠിക്കുന്ന ഒരു വ്യക്തി, തന്റെ ജീവിതത്തിൽ പലതിനെയും പിന്തള്ളുകയാണ് ചെയ്യുന്നത്. ശ്രേഷ്ഠമായവയെ സ്വീകരിക്കുവാൻ, അനുചിതമായതിനെ പുറന്തള്ളുന്ന സഭാ പാരമ്പര്യത്തിലെ 'നോമ്പുകൾ' യഥാർത്ഥത്തിൽ ഒരു 'Deleting Process' ആണ് ചിലതിന് മുൻഗണന നൽകുവാൻ അവഗണിക്കേണ്ടതിനെ ഉപേക്ഷിക്കുന്നു. അതായത് ഫോൺ മെമ്മറി പൂർണ്ണമാകുമ്പോൾ ചില അഡ്രസ്സുകൾ ഡിലീറ്റ് ചെയ്യുന്നതുപോലെ.

നോമ്പും ഉപവാസവും ഒരു Paradigm Shift (മനോഗതിയുടെ മാറ്റം) ആണെന്നു പറഞ്ഞാൽ അത് യഥാർത്ഥമായ വസ്തുതയാണ്. ഉറപ്പിച്ച് വിശ്വസിച്ചതും ഏറ്റു പറഞ്ഞതുമായ ചില വസ്തുതകളിലെ പാളിച്ചകൾ മനസ്സിലായപ്പോൾ അതിനെ ഉപേക്ഷിക്കുവാനുള്ള മന:ധൈര്യമാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ച ചില സംഭവങ്ങളെ ഇപ്പോൾ സംഭവിച്ചവ തടസ്സപ്പെടുത്തുന്ന അനുഭവം (Retroactive inhabitation) എന്നുവേണം ഇതു കൊണ്ടർത്ഥമാക്കുന്നതും. ചിലതിനെ മറക്കാനും സഹകരിക്കുവാനും, വിധേയപ്പെടുവാനും, അംഗീകരിക്കുവാനും സാധിക്കുന്നത് ഇതിന്റെ പ്രത്യേകതയാണ്. നോമ്പ് എന്ന പദത്തിന്റെ Etymology -യിൽ വസന്തം എന്ന അർത്ഥവും ഒളിഞ്ഞിരിപ്പുണ്ട്. നോമ്പുകൾ വസന്തകാലാനുഭവം പ്രദാനം ചെയ്യുന്നവയാണ്. ഇലപൊഴിയലും, തളിരിടുന്നതും യഥാർത്ഥത്തിൽ നോമ്പിന്റെ അനുഭവമായി എനിയ്ക്ക് തോന്നിപ്പോകുന്നു. കാലാകാലങ്ങളിൽ ആ ധ്യാനത്തിന്റെയും മൗനത്തിന്റെയും അനുഭവത്തിൽ നിന്നാണ് തളിരും, പൂക്കളും കായ്കളും ഉണ്ടാകുന്നത്. മൊട്ട് വിരിഞ്ഞ് പൂവുണ്ടാകുന്ന അനുഭവം പോലെ, നമ്മുടെ ജീവിതത്തിലെ പൂർണ്ണ വളർച്ചയ്ക്ക് മുമ്പുള്ള അവസ്ഥ നോമ്പനുഷ്ഠാനങ്ങളിൽ നിറഞ്ഞതാകണം. ഇലകൾ കൊഴിക്കുന്ന വൃക്ഷം പൂക്കളും, കായ്കളും കൊഴിയ്ക്കുമെങ്കിൽ, നോമ്പിന്റെ അനുഭവത്തിൽ നിറയുന്ന മനുഷ്യനും ഒന്നുമില്ലായ്മയിൽ നന്മയുടെ സുഗന്ധവും, സമൃദ്ധിയുടെ ഫലങ്ങളും പുറപ്പെടുവിക്കണം. യെശയ്യാ: 58: 6-8 വരെ വാക്യങ്ങളിൽ ഇത് വ്യക്തമാക്കുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിലെ നന്മകളുടെ ഫലസമൃദ്ധമായ അനുഭവ സംവേദനമായി നോമ്പിനെ വിലയിരുത്താം. ദീർഘമായ ജീവിതാനുഭവങ്ങൾക്കിടയിൽ നോമ്പ് ഒരു കുളിർകാറ്റിന്റെ അനുഭവം പ്രദാനം ചെയ്യട്ടെ. നോമ്പിന്റെ തീവ്രതയിലുപരി സ്വച്ഛന്ദമായ അതിന്റെ ഒഴുക്കും, നൈർമല്യവും, പ്രതിഫലനശക്തിയും, നമ്മുടെ ജീവിതത്തെ പ്രകാശമാനമാക്കട്ടെ.

**(റിപ്പോർട്ട്** പേജ് 1 -തുടർച്ച ....... )

നടത്തി. സെപ്റ്റംബർ മാസം 3, 4, 5 തീയതികളിൽ മലബാർ ഭദ്രാസനത്തിൽ വെച്ചുനടത്തിയ നാഷണൽ കോൺഫറൻസിൽ പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് ഷിജോ, സിബി, സുവിൻ എന്നിവർ പങ്കെടുത്തു. അതുപോലെ ദേവലോകത്തു നടന്ന കേന്ദ്ര കമ്മറ്റി തിരഞ്ഞെടുപ്പിലും നമ്മുടെ യുവജനപ്രസ്ഥാനാഗംങ്ങൾ പങ്കെടുത്തു. കഴിഞ്ഞ 12 വർഷത്തെ പ്രവർത്തനത്തിൽ ആദ്യമായി നമ്മുടെ യുവജനപ്രസ്ഥാനത്തിൽ യുവതികളെയും ഉൾപ്പെടുത്തി എന്നുള്ളത് എടുത്തു പറയേണ്ട ഒന്നാണ്. യുവതികളുടെ പ്രതിനിധിയായി ജോ. സെക്രട്ടറി സ്ഥാനത്തേയ്ക്ക് അഞ്ചു അന്ന ജോണിനെയും കമ്മറ്റി അംഗങ്ങളായി സുജ ജയനേയും, ശ്വേത മറിയമിനേയും തിരഞ്ഞെടുത്തു. പ്രകൃതി സംരക്ഷണത്തിന്റെ ഭാഗമായി പള്ളിവക പുതുതായി വാങ്ങിച്ച സ്ഥലത്ത് പ്രസ്ഥാനംഗങ്ങൾ കപ്പ, വാഴ, ചേന തുടങ്ങിയവ കൃഷി ചെയ്തുവരുന്നു. മലങ്കരയുടെ പ്രഖ്യാപിത പരിശുദ്ധന്മാരായ പരി. പരുമല തിരുമേനിയുടെ കബറിങ്കലേക്ക് നവംബർ 1-ാം തീയതിയും പരി. വട്ടശ്ശേരിൽ തിരുമേനിയുടെ കബറിങ്കലേക്ക് ഫെബ്രുവരി 26-ാം തീയതി നടത്തിയ പദയാത്രകൾക്ക് രഥങ്ങൾ നിർമ്മാണവും പദയാത്രയുടെ ക്രമീകരണവും നമ്മുടെ അംഗങ്ങൾ ഉത്സാഹത്തോടെ ഏറ്റെടുത്തു നടത്തി. 2009-2010 വർഷത്തെ വിനോദയാത്ര കൊടൈക്കനാൽ വൈഗാ ഡാം എന്നീ സ്ഥലങ്ങളിലേക്കായിരുന്നു. ലോക രക്ഷിതാവിന്റെ തിരുപ്പിറവി അറിയിച്ചുകൊണ്ട് ഇടവകയിലെ എല്ലാ ഭവനങ്ങളും ഡിസം. 19, 21, 22, 23 തീയതികളിൽ നമ്മുടെ പ്രസ്ഥാനത്തിന്റെ കരോൾ ഗായക സംഘം സന്ദർശിക്കുകയും സംഭാവനയായി 36,700/-രൂപാ സമാഹരിക്കുകയും ചെയ്തു. അതുപോലെ നടത്തിയ പുൽകൂടു മത്സരത്തിൽ 11 ടീമുകൾ പങ്കെടുത്തു. ഓരോന്നും ഒന്നിനൊന്ന് മികച്ചുനിന്നു. ക്രിസ്തുമസിന് പള്ളിയിൽ ഒരു വലിയ നക്ഷത്രം നിർമ്മിക്കുവാനും നമ്മുടെ അംഗങ്ങൾ സഹായിച്ചു. യുവജനപ്രസ്ഥാനത്തിന്റെ ദിനമായി 'ബേസിൽ ഡേ' ജനുവരി മാസം 31 -ാം തീയതി ആഘോഷിച്ചു. ഇതേതുടർന്ന് ഇടവകയിലെ എല്ലാവർക്കും മധുരം നൽകുകയും ചെയ്തു. നാളിതുവരെ നടത്തിയ എല്ലാ പ്രവർത്തനങ്ങൾക്കും കാവലും തൂണുമായ സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും നാമത്തിൽ തന്നെ....

എന്ന്

സെക്രട്ടറി

# ഇടവകയുടെ കാവൽ പിതാക്കന്മാരായ മാർ ബസേലിയോസും മാർ ഗ്രീഗോറിയോസും

**തോമസ് ചാണ്ടി (ഇടവക ട്രസ്റ്റി)**

നമ്മുടെ ഇടവകയുടെ പ്രധാന ത്രോണോസ് സ്ഥാപിച്ചിരിക്കുന്നത് കപ്പദോക്യൻ പിതാക്കന്മാരായ മാർ ബസ്സേലിയോസ്, മാർ ഗ്രീഗോറിയോസ് എന്നിവരുടെ പേരിലാണ്. ആയതിനാൽ ഇടവകയുടെ കാവൽ പിതാക്കന്മാർ എന്ന് ഈ പരിശുദ്ധന്മാരെ വിശേഷിപ്പിച്ചിരിക്കുന്നത് എത്രയും ഉചിതമാണ്. എ. ഡി. നാലാം നൂറ്റാണ്ടിൽ അലക്സാൻഡ്രിയാ പ്രവശ്യയിലുള്ള കപ്പദോക്യ എന്നു കൂടി പേരുള്ള കൈസര്യ എന്ന പട്ടണത്തിലാണ് ഈ പിതാക്കന്മാർ ജനിച്ചുവളർന്നത്. പഠനത്തിൽ അതി സമർത്ഥരായിരുന്ന ഈസഹോദരന്മാർ അന്നത്തെ ഏറ്റവും സമർത്ഥന്മാർ പഠിച്ചിരുന്ന ഗ്രീക്ക് തത്വശാസ്ത്രത്തിലാണ് ഉപരിപഠനം നടത്തിയത്. ഗ്രീസിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായ ഏതൻസിലാണ് ഇവരുടെ ഉന്നത വിദ്യാഭ്യാസം നടന്നത്. സ്വന്തം ഭവനത്തിൽ നിന്നും അകന്ന് അക്കാലത്തെ ഏറ്റവും വലിയ ഗുരു പീഠങ്ങളിൽ താമസിച്ച് ഈ സഹോദരന്മാർ ഉന്നത ബിരുദങ്ങൾ നേടി.

കൈസര്യയിലെ പഠനകാലത്ത് ഇവരോടൊപ്പം പ്രഗത്ഭമായി പഠനം നടത്തിയ ഒരു സഹോദരി ഇവർക്കുണ്ടായിരുന്നു. എന്നാൽ അക്കാലത്ത് സ്വഭവനങ്ങളിൽ നിന്നും അകലെ പെൺകുട്ടികൾക്ക് പഠിക്കുവാൻ സാധിക്കയില്ലാതിരുന്നതിനാൽ ഉന്നത വിദ്യാഭ്യാസത്തനായി ഏതൻസിലേക്ക് പോകുവാൻ മക്രീനക്ക് സാധിച്ചില്ല. ഈസഹോദരങ്ങളുടെ വല്യമ്മയുടെ പേരും മക്രീന എന്നു തന്നെയായിരുന്നു. വല്യമ്മയിൽ നിന്നും കൊച്ചുമക്രീന യേശുക്രിസ്തുവിനെ പ്പറ്റിയും ദൈവശാസ്ത്രത്തെപ്പറ്റിയും എല്ലാം അറിവുനേടി. ഉന്നതബിരുദങ്ങൾ കരസ്ഥമാക്കിയെത്തിയ സഹോദരന്മാരെ ദൈവശാസ്ത്രസംബന്ധിയായ ചോദ്യങ്ങൾ ചോദിച്ച് കൊച്ചുപെങ്ങൾ വിവശരാക്കി. അതിലൂടെയാണ് ദൈവശാസ്ത്ര വിഷയങ്ങളിലേക്ക് സഹോദരന്മാരുടെ ശ്രദ്ധ തിരിഞ്ഞത്. ആരോഗ്യകരമായ മത്സര ബുദ്ധിയോടെ രണ്ട് സഹോദരന്മാരും ഒരു സഹോദരിയും അവരുടെ വല്യമ്മച്ചിയുടെ ശിക്ഷണത്തിൻ കീഴിൽ നടത്തിയ ദൈവശാസ്ത്ര പഠനങ്ങൾ ആകമാന ക്രിസ്തീയ സഭയ്ക്ക് നിർവ്വചിക്കാനാവാത്തത്ര വലിയ നേട്ടങ്ങൾ സംഭാവന ചെയ്തു.

സഭയുടെ നാനാ പ്രകാരേണയുള്ള വളർച്ചയോടൊപ്പം വേദശാസ്ത്രത്തെക്കുറിച്ചുള്ള അനേകം വ്യാഖ്യാനങ്ങളും വിവാദങ്ങളും മുളപൊട്ടിയ കാലഘട്ടമായിരുന്നു നാലും അഞ്ചും നൂറ്റാണ്ടുകൾ. യേശുക്രിസ്തുവിൽ നിന്നുലഭിച്ചതും അപ്പോസ്തോലന്മാരിൽ നിന്ന് പടർന്നതുമായ സത്യവിശ്വാസത്തിന്റെ ശരിയായ വ്യാഖ്യാനങ്ങൾ ഇഴപിരിച്ച് നൽകിയവരിൽ പ്രമുഖരായിരുന്നു മാർ ബസേലിയോസും സഹോദരനായ നാസിയാൻസിലെ മാർ ഗ്രീഗോറിയോസും. എതാണ്ട് സമകാലീനരായിരുന്ന നിസ്സായിലെ മാർ ഗ്രീഗോറിയോസും ഈ പ്രയത്നങ്ങളിൽ പിതാക്കന്മാരോടൊത്തു പ്രവർത്തിച്ചു.

(..... തുടരും)



ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ താഴത്തങ്ങാടി ദുരന്തസ്ഥലം സന്ദർശിക്കുന്നു.

താഴത്തങ്ങാടി ബേസിൽ യൂത്ത്
മൂവ് മെന്റിന്റെ ബേസിൽ വോയ്സിന്
വിജയാശംസകൾ

**ജോജി ജി. അമ്പാട്ട്**

**കൊച്ചേട്ട് അമ്പാട്ടുതറ**

### ഒ. വി. ബി. എസ്.

കുട്ടികൾക്ക് അവധിക്കാലം കൂട്ടുകാരുമൊത്ത് ആഘോഷിക്കാൻ ഈ വർഷത്തെ ഒ. വി. ബി. എസ്. ക്ലാസുകൾ ഏപ്രിൽ മാസം 5-ാം തീയതിമുതൽ ആരംഭിക്കുന്നു. ഈ വർഷത്തെ ചിന്താവിഷയം വി. യോഹന്നാൻ 11:28 ''ഗുരു വന്നിട്ടുണ്ട് നിന്നെ വിളിക്കുന്നു'' എന്നതാണ് അതോടൊപ്പം ഒ. വി. ബി. എസ് -ന്റെ ഭാഗമായി ഒരു വിനോദയാത്രയും ക്രമീകരിച്ചിരിക്കുന്നു. എല്ലാ കുട്ടികളും ഒ. വി. ബി. എസ് ക്ലാസുകളിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

# ദൈവത്തെ മറക്കുന്ന മനുഷ്യൻ

**ഷൈജു കെ. മാത്യു, കൊട്ടുപ്പള്ളിൽ**

ലോക ചരിത്രത്തിന്റെ പ്രാരംഭത്തിലേയ്ക്ക് നാം തിരിഞ്ഞു നോക്കുമ്പോൾ മനുഷ്യന്റെ ചരിത്രവും അവന്റെ പൗരാണിക മായ ഈശ്വരവിശ്വാസം വളരെ ആഴവും, ആത്മിക ഉണർവ് പകരുന്നതുമാണ്. എന്നാൽ ഈ യുഗത്തിലെ മനുഷ്യന്റെ ഈശ്വരവിശ്വാസം അൽപത്തവും, അനുകരണവുമായി മാറിയിരിക്കുന്നു എന്ന വസ്തുത നമുക്ക് മുമ്പിൽ സാക്ഷ്യപ്പെടുത്തുന്ന ഒരുപാട് ഉദാഹരണങ്ങൾ എന്റേയും നിങ്ങളുടേയും സമീപത്തുണ്ട്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അനവധിയുണ്ടായിരുന്ന പുരാതന കാലഘട്ടത്തിലും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന, ദൈവത്തെ മറക്കാതെ അനേകായിരങ്ങൾ ധീരതയോടെ പോരാടി ദൈവവിശ്വാസം കാത്തുസൂക്ഷിച്ചു. വേദ ഇതിഹാസ ഗ്രന്ഥങ്ങൾ നാം വായിക്കുമ്പോൾ അതിന്റെ ചരിത്രത്തിൽ ഉൾക്കൊണ്ടിരിക്കുന്ന ഒന്നാണ് മനുഷ്യന്റെ ജനനം. ഏതു വേദം ചരിത്രപഠന ചെയ്താലും ദൈവസൃഷ്ടിയായ മനുഷ്യന്റെ സൃഷ്ടി ദൈവത്തിൽ നിന്നുള്ളതാണെന്ന് സർവ്വത്തിനും അധിപതിയായ ദൈവം സർവ്വത്തിനും സൃഷ്ടിതാവുമാണെന്ന് വ്യക്തമാണ് ദൈവത്താൽ സകലവും നിർമ്മിക്കപ്പെട്ടതിനുശേഷം ഭൂമിയിൽ സർവ്വ സൃഷ്ടികളുടേയും അധിപനായി സർവ്വ ജ്ഞാനമോടെയും കഴിവോടെയും മനുഷ്യനെ സൃഷ്ടിച്ചുവെന്നാണ് വി. ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്.

മനുഷ്യന്റെ സൃഷ്ടി മണ്ണിനാലാണെന്ന് ഈ ആധുനിക കാലത്തിലും തെളിവാണ് മണ്ണിനാൽ നിർമ്മിച്ച മനുഷ്യൻ മണ്ണായി തീരട്ടെ എന്ന് പ്രാർത്ഥനയോടെയല്ലോ മനുഷ്യ ശരീരങ്ങൾ സംസ്കാരം ചെയ്യുന്നതുതന്നെ. ദൈവം മണ്ണിനാൽ നിർമ്മിച്ചത് വെറും പ്രതിമ മാത്രമാണ്. എന്നാൽ ശ്വാസനാളത്തിലേയ്ക്ക് പ്രാണനെ തന്റെ അധരത്തിൽ നിന്നും ഊതിയപ്പോൾ ആണ് മനുഷ്യൻ ജീവനുള്ള ദേഹിയായി അഥവാ മനുഷ്യനായി തീർന്നത്. വിശുദ്ധ ബൈബിളിന്റെ വചനമുത്തുകളിൽ വളരെ വ്യക്തമായി 90-ാം സങ്കീർത്തനം നമ്മേ പഠിപ്പിക്കുന്നു. യഹോവേ നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു. പർവ്വതങ്ങൾ ഉണ്ടായതിനും നീ ഭൂമിയയേയും ഭൂമണ്ഡലത്തേയും നിർമ്മിച്ചതിനും മുമ്പേ നീ അനാദിയായും ശാശതമായും ദൈവം ആകുന്നു. നീ മർത്യനെ പൊടിയിലേക്ക് മടങ്ങിപോകുമാറാക്കുന്നു. മനുഷ്യപുത്രന്മാരെ തിരികെ വരുവീൻ എന്ന് അരുളി ചെയ്യുന്നു.

ഇന്നത്തെ തലമുറയും ദൈവം എന്നത് സങ്കൽപം മാത്രം എന്ന് വിശ്വസിക്കുന്നു. മാനുഷികമായ യത്നത്തിലൂടെ പലതും നേടുവാൻ ശ്രമിക്കുന്നു. സകലത്തിന്റെയും ഉടയവനായ ദൈവത്തെ മറക്കുന്നു. വരും തലമുറയെ ആത്മീയമായി വളർത്തിയെടുക്കേണ്ടത് പൂർവ്വികരായ ഇന്നത്തെ തലമുറയാണ്. പക്ഷേ ഇന്നത്തെ തലമുറതന്നെ യാഥാർത്ഥ്യത്തിന് വിരുദ്ധമായി പ്രവൃത്തിക്കുവാൻ തുടങ്ങിയിരിക്കുന്നു. വിശ്വാസത്തിനും, ആത്മികതയ്ക്കും ഒരു വിലങ്ങുതടിയായി നിൽക്കുന്നവർ ഭൗതികമായി പല നേട്ടങ്ങൾക്കും വേണ്ടി പരക്കം പായുന്നത് നമുക്ക് മുമ്പിൽ ഒരു നേർക്കാഴ്ചയാണ്. മാതാ -പിതാക്കന്മാരുടെ മാതൃകാപരമായ പെരുമാറ്റമാണ് വരും തലമുറയ്ക്ക് ഉത്തേജനവും അനുഗ്രഹകരവുമെന്ന് ചിന്തിക്കാതെ എല്ലാം ഒരു 'പാക്കേജ്' സംഭവമായി മാറിയിരിക്കുന്നു. Fast food programme പോലുള്ള ജീവിത രീതികളും, പ്രവർത്തനങ്ങളും ഭൗതിക ജീവിതത്തിൽ മാത്രമല്ല, ആത്മിക ജീവിതത്തിലേക്കും കടന്നുവന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ചുറ്റുപാടുകൾ ശ്രദ്ധിച്ചാൽ മനസ്സിലാക്കാവുന്ന അനേക സംഭവങ്ങളുണ്ട്. സമ്പത്തും, സൗകര്യങ്ങളും, രോഗസൗഖ്യങ്ങളും നേടിയെടുക്കുന്നതാണ് വലിയ കാര്യമെന്ന് പഠിപ്പിക്കുന്നത് ആത്മിക ആശയക്കുഴപ്പത്തിന് കാരണമാവുകയും യാഥാർത്ഥ്യവിശ്വാസത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ആത്മിക കാഴ്ചപ്പാട് ദൈവത്തോടുള്ള ആഴമായ സ്നേഹമാണ് വളർത്തേണ്ടത്.

ഹൈന്ദവനായാലും, മുഹമ്മദീയനായാലും, ക്രൈസ്തവനായാലും പരസ്പര സ്നേഹം എന്നത് ഉള്ളിന്റെ ഉള്ളിൽ നിലനിർത്തി തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ അത് പ്രകടമാക്കേണ്ടതാണ്. മത്തായിയെന്നും മാധവനെന്നും മുഹമ്മദ് എന്നും സമൂഹം മനുഷ്യനെ വിശേഷിപ്പിച്ചിരിക്കും. എന്നാൽ ഉള്ളിലുള്ള ആത്മാവിനെ എല്ലാവരും ആത്മാവ് എന്ന് ഒരുപോലെ പറയും. ദൈവത്തിന് ഇന്ന മതസ്ഥനെന്ന് വിത്യാസമില്ലാതെ എല്ലാവർക്കും ഒരേ ആത്മീയ അംശം നൽകിയിരിക്കുന്നു എന്നതിന്റെ തെളിവാണത്. ശരീരത്തിന് ആവശ്യമായ ഘടകങ്ങളെയെല്ലാം ഒരേപേരുകളിലും അറിയപ്പെടുന്നു. വായു, ജലം, ആഹാരം ഇവയെല്ലാം എല്ലാ മനുഷ്യനും ഒരുപോലെയാണ്. മനുഷ്യജീവൻ നിലനിൽക്കുന്നതിനാവശ്യമായ ഒന്നാണ്. സിരകളിലൂടെ അതിവേഗം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന രക്തം, ഇതും ഒരേ പേരിലറിയപ്പെടുന്നു. ഇതിന്റെ നിറം ഒന്നു തന്നെ. ഏതു ജാതിയിലും ഏത് ഭാഷക്കാരനും ഏത് മതക്കാരനും ഒരേ നിറമുള്ള രക്തമാണുള്ളത്. ഇതിലുപരിയായി നാം ചിന്തിക്കേണ്ടത് മനുഷ്യ ശരീരം അതിന്റെ പ്രാണനെ വെടിഞ്ഞാൽ അല്ലെങ്കിൽ ദൈവം കൊടുത്തിരിക്കുന്ന പ്രാണനെ തിരിച്ചു വിളിച്ചാൽ എല്ലാ വ്യക്തികളും ഒരേ സ്വരത്തിൽ തർക്കമില്ലാതെ പറയും 'ശവം' അഥവാ 'ജഢം' എന്ന്. ശരീരപ്രകാരം എത്ര ആരോഗ്യമുള്ളവരായാലും സൗന്ദര്യമുള്ളവരായാലും ആധുനിക യുഗത്തിലെ വൈദഗദ്ധ്യങ്ങൾ ഒന്നും ചെയ്തില്ലായെങ്കിൽ മരണം സംഭവിച്ചു ഇരുത്തിനാല് മണിക്കൂറ് പിന്നിട്ട് കഴിയുമ്പോൾ ശരീരം അല്പമൊന്ന് വികസിക്കുവാൻ തുടങ്ങും. ഏതാണ്ട് മുപ്പത്തിയാറ് മണിക്കൂർ അല്ലെങ്കിൽ നാൽപത്തിയെട്ട് മണിക്കൂർ പിന്നിടുമ്പോൾ സ്വന്തം മക്കളായാലും, മാതാപിതാക്കളായാലും, ഭാര്യയോ, ഭർത്താവോ ആരുതന്നെയായിരുന്നാലും ആ ശരീരം മറവുചെയ്യുവാനായി അപേക്ഷിക്കും. എന്തെന്നാൽ ആ ശരീരത്തിന്റെ ഉള്ളിൽ നിന്നും പുറത്തുനിന്നും ദുർഗന്ധം വമിക്കുവാൻ തുടങ്ങും. പിന്നെ ഈ ശരീരം കൊണ്ട് നാം എത്രമാത്രം നേടും എന്ന് ആലോചിക്കണം. ഈ ലോക ജീവിതത്തിൽ മനുഷ്യൻ എത്രമാത്രം വേദന സഹിച്ചാലും ശരീരവേദനയും, മാനസിക ബുദ്ധിമുട്ടുകൾ നേരിട്ടാലും ആശ്വാസം പകരുവാൻ സമാധാന വാക്കുകൾ പറയുവാൻ അല്പകാലത്തേയ്ക്ക് ബന്ധു ജനങ്ങൾ കൂടെയു

ണ്ടാവും. എന്നെന്നും ശരീരത്തിനും, മനസ്സിനും അത്താണിയായി നിന്റെ പ്രശ്നങ്ങളിൽ ആശ്വസിക്കുവാൻ ദൈവം മാത്രമേ ഉണ്ടാവൂ. അതേ ആത്മാവിനെ മൺകൂടാരമാവുന്ന ശരീരത്താൽ ആവരണം ചെയ്ത ഭൂമിയിൽ ആയുസ്സും, ആരോഗ്യവും തരുന്ന സൃഷ്ടിതാവിനു മാത്രമേ നമ്മെ സഹായിക്കുവാൻ സാധിക്കൂ എന്ന വാസ്തവം ശക്തിയോടെ പറയട്ടെ!

ഈ കാലഘട്ടത്തിലെ മനുഷ്യൻ സമ്പത്തിനും, സൗകര്യത്തിനും വേണ്ടി മാത്രം ദൈവത്തെ അന്വേഷിക്കുന്നു. ജീവിതം സന്തോഷമാക്കുവാൻ നെട്ടോട്ടമോടുന്ന യൗവനക്കാരിൽ 90% -വും മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി ജീവിക്കുവാൻ കാരണം അവർ ദൈവസ്നേഹം യാഥാർത്ഥ്യത്തിൽ മനസ്സിലാക്കുന്നില്ല എന്നതിനാലാണെന്ന് നമുക്കെല്ലാവർക്കും അറിയാം. അവർക്ക് വഴികാട്ടിയാവേണ്ടവർ ഒരുക്കുന്ന വഴികൾ മാതൃകാപരമല്ല എന്നതിനാലാണ് ഇത് സംഭവിക്കുന്നത്. ദൈവത്തിന്റെ ആലയമാവുന്ന മനുഷ്യ ശരീരം പൈശാചിക ആലയമായിമാറുമ്പോൾ ദൈവം നമുക്ക് വേണ്ടി തന്ന ആത്മാവിനെ ദുഷ്ടാത്മാവ് തോല്പിക്കുകയും പാപത്തിന് മനുഷ്യശരീരം വിധേയപ്പെടുകയും ചെയ്യുന്നു. ആത്മാവിനെ നശിപ്പിച്ച് ദൈവജ്ഞാനമില്ലാതെ മനുഷ്യന്റെ മണ്ണായ ശരീരം പ്രയത്നിച്ചിട്ട് യാതൊരു പ്രതിഫലവും ഇല്ല എന്ന് നാം മനസ്സിലാക്കണം. മനുഷ്യൻ തന്റെ ജ്ഞാനം കൊണ്ട് എന്ത് നേടിയാലും ദൈവവിശ്വാസം ഇല്ലായെങ്കിൽ അത് വ്യഥാവാണ് വിശുദ്ധ ബൈബിളിൽ ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സദൃശ്യവാക്യങ്ങളിലൂടെ നമ്മെ പഠിപ്പിക്കുന്ന വളരെ ഗൗരവമേറിയ ഒന്നാണ് യഹോവാ ഭക്തി എന്നുള്ളത്. ജ്ഞാനത്തിന്റെ ആരംഭം യഹോവയോടുള്ള ഭക്തിയാണെന്ന് എടുത്തുപറഞ്ഞുകൊണ്ടാണ് താൻ സദൃശ്യവാക്യങ്ങൾ തുടങ്ങുന്നത്. ദൈവത്തെ സേവിച്ച് ദൈവ ഭക്തിയിൽ ജീവിച്ചപിതാക്കന്മാരും ദൈവത്തെ മറന്ന് ജീവിച്ച പിൻതലമുറക്കാരുടെ അനുഭവങ്ങളും വേദപുസ്തകം നമ്മെ പരിചയപ്പെടുത്തുന്നുണ്ട്.

1. അഹരോൻ (പുറപ്പാട് 28:1) ദൈവജനത്തിന്റെ വിമോചനത്തിനായി മോശയോടൊപ്പം പ്രവൃത്തിച്ചു. യിസ്രായേലിന്റെ ഒന്നാമത്തെ മഹാപുരോഹിതനായി അവരോധിക്കപ്പെട്ടു. എന്നാൽ അഹരോന്റെ പുത്രന്മാരായ നാദാസ്, അബിഹൂ (ലേവ്യാ 10:1-2) എന്നിവർ ദൈവ സന്നിധിയിൽ അന്യാഗ്നി കത്തിച്ച് അനാദരവ് കാട്ടിയതിനാൽ ദൈവം അവരെ നശിപ്പിച്ചുകളഞ്ഞു.

2. ഗിദയോൻ (ന്യായ: 6: 11-14) ദൈവത്തെ അനുസരിച്ചു പ്രവർത്തിച്ചു. ദൈവ ശക്തിയിൽ ആശ്രയിച്ച് ശത്രുവിനെ തകർത്തു. എന്നാൽ പുത്രനായി അബീമേലേക് (ന്യായ: 9:1-5) തന്റെ 70 സഹോദരന്മാരെ നിർദ്ദയമായി കൊലപ്പെടുത്തി. ദൈവ ശിക്ഷ അനുഭവിച്ചു.

3. മനോഹ (ന്യായ 13:2) ദൈവത്തെ ആശ്രയിച്ചു ജീവിച്ചു. പുത്രനായ ശിംശോൻ (ന്യായ: 16:11) ദൈവത്തെ മറന്ന് വേശ്യയോടുകൂടി ജീവിച്ച് പാപിയായി മാറി.

4. ദാവീദ് (1 ശമുവേൽ 13:14. 16: 11-13) ദൈവത്താൽ തിരഞ്ഞെടുത്ത യിസ്രായേലിന്റെ രാജാവായി. ദൈവനാമ മഹത്വത്തിനായി പ്രവർത്തിച്ചു. പുത്രന്മാരായ അമ്നോൻ, അബ്ശാലോം, അദേനീയസ് തുടങ്ങിയവർ പാപം ചെയ്തു ജീവിച്ചു. ദാവീദിന്റെ പുത്രനായ ശലോമോനെയും അദ്ദേഹത്തിന്റെ ജീവിതവും എപ്രകാരമെന്നും നമുക്ക് മുമ്പിൽ സാക്ഷ്യമായി നിൽക്കുന്നു. പിതാക്കന്മാർ ചെയ്തതും, അവരുടെ വിശ്വാസം ത്യജിച്ചുകൊണ്ട്, ലോക സുഖ സൗകര്യങ്ങളും, ജഢീക- ഭൗതിക നന്മകളും സൗഖ്യങ്ങളും നേടിയെടുക്കുവാൻ വേണ്ടി വെറുതെ ആത്മാവിനെ നശിപ്പിച്ച പല വ്യക്തികളും നമുക്ക് മുമ്പിൽ തെളിവായി നിൽക്കുന്നു.

സകലതും അന്വേഷിക്കുവാനുള്ള പ്രവണത മനുഷ്യനിൽ സ്വതവേ ഉണ്ട്. പൂർവ്വകാലങ്ങളിൽ ദൂരദർശനിനിയിലൂടെ നടത്തിയ ശാസ്ത്രാന്വേഷണങ്ങൾ ഈ യുഗത്തിൽ മനുഷ്യനെ ഗ്രഹങ്ങളിൽ ചെന്നെത്തിച്ചിരിക്കുന്നു. ഇത് മനുഷ്യന്റെ അന്വേഷണത്തെ വിലമതിച്ചുതന്നെ കാണിക്കുന്നതോടൊപ്പം ദൈവം മനുഷ്യനു കൊടുത്ത ബുദ്ധിയെ മറന്നുകളയാതെ മുമ്പോട്ടുപോകേണ്ടതാണ്. ഒരു ഗ്രഹത്തിൽ നിന്നും മറ്റൊരു ഗ്രഹത്തിലേക്ക് മനുഷ്യൻ ചാടികളിച്ചു നടത്തുന്ന അന്വേഷണങ്ങൾ ശാസ്ത്ര സാങ്കേതികതയുടെ മികവ് വലുതായി മനുഷ്യൻ കാണുമ്പോൾ ദൈവത്തിന്റെ അഖിലാണ്ഡസൃഷ്ടിയെ എന്തുകൊണ്ട് ഓർക്കുന്നില്ല? സാഹിത്യത്തിൽ നടത്തുന്ന അന്വേഷണങ്ങൾ പുസ്തകങ്ങളും,വിലയേറിയ ഗ്രന്ഥങ്ങളുമായി വിശ്വത്തിൽ (ലോകം) അറിവു നൽകുമ്പോൾ സർവ്വ ജ്ഞാനിയായ ദൈവത്തെ മനുഷ്യൻ മറക്കുന്നതെന്തേ? മനുഷ്യൻ ദൈനംദിന ജീവിതത്തിൽ ഒരു അന്വേഷകനാണെന്ന് നമുക്കറിയാം. കർത്താവായ ക്രിസ്തുയേശു തന്റെ ഉപമകളിലൂടെ നമ്മെ കാണിച്ചു തരുന്നത് കാണാതെപോയ ആടിനെ തേടിയെത്തുന്ന അഥവാ അന്വേഷിച്ച് കണ്ടെത്തുന്ന ഇടയനെയാണ്. മനുഷ്യന്റെ ജീവിതത്തിൽ അന്വേഷണ പ്രവണത ഒഴിച്ചു നിർത്തുവാൻ സാധിക്കുകയില്ല. എന്നാൽ എല്ലാം അന്വേഷിക്കുവാൻ വെമ്പൽ കൊള്ളുന്ന മനുഷ്യൻ, അവന്റെ ഉള്ളിൽ നിന്നും നഷ്ടപ്പെട്ടുപോയ ആത്മീക മൂല്യം അന്വേഷിക്കുവാൻ മെനക്കടാറില്ല. ആത്മിക ജീവിതത്തിന്റെ ലക്ഷ്യം, ആത്മിക ജീവിതത്തിന്റെ തകർച്ചയുടെ കാരണം ഇതിനെക്കുറിച്ചൊന്നും അന്വേഷിക്കുവാൻ അവൻ തയ്യാറു മല്ല. ആയതിനാൽ തലമുറകൾ ആത്മികത എന്നുപറയുന്നത് തള്ളി കളഞ്ഞുകൊണ്ട്, കറപുരണ്ട ജീവിതം നയിക്കുന്നു. വിശുദ്ധ വേദപുസ്തകത്തിൽ സങ്കീർത്തനം നമ്മെ ഓർമ്മിപ്പിക്കുന്നു; ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്ന് കാൺമാൻ ദൈവം സ്വർഗ്ഗത്തിൽ നിന്നും നോക്കുന്നു. (സങ്കീ 53:2).

ഈ ആധുനിക യുഗത്തിൽ ആത്മിക ജീവിതം നയിക്കുന്ന സമൂഹം വളരെ യേറെ നിന്ദയും, പരിഹാസങ്ങളും, പീഢനങ്ങളും സഹിക്കേണ്ടിവരുന്നു. യഥാർത്ഥ ദൈവം നിന്ദയും, പരിഹാസങ്ങളും, പീഢനവും സഹിച്ചവനാണെന്ന് നാം ഈ അവസരങ്ങളിൽ ഓർത്തിരിക്കണം. യോഹന്നാൻ സ്നാപകന്റെ ശബ്ദം ഇന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നു. ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാകുന്ന ശ്രീയേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കും, നിന്ദകൾക്കും, വേദനയ്ക്കും വേണ്ടി രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് എളിയവനായി താഴ്മയോടെ ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ദൈവത്തിന്റെ അരുമ പുത്രനായി പിറന്നു. മുപ്പത്തി മൂന്നര വർഷക്കാലം ഈ ലോകത്തിൽ വസിച്ച് അത്ഭുതങ്ങളും, അടയാളങ്ങളും നൽകി. രോഗപാപബന്ധിതരെ സാത്താന്റെ അടിമത്വത്തിൽ നിന്നും മോചിപ്പിച്ചപ്പോൾ കിട്ടിയ പ്രതിഫലം. ലോകജനതയാൽ നിന്ദകളും, പരിഹാസങ്ങളും, പീഢനങ്ങളും മാത്രം. കാൽവറിയുടെ ക്രൂശിൽ മൂന്നാണികളിൽ മുൾകിരീടമണിഞ്ഞ് മാനവരാശിയുടെ രക്ഷക്കുവേണ്ടി മരണം വരിച്ചു. ലോകം നൽകിയ പ്രതിഫലമായ മരണത്തെ ജയിച്ചു. ക്രിസ്തു മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു മാനവരാശിക്ക് പ്രത്യക്ഷനായി. ലോകത്തിന്റെ അടിമത്വത്തിൽ നിന്നും മരണത്തെ ജയിച്ചവനായി, സൃഷ്ടിതാവിന്റെ അടുക്കലേയ്ക്ക് മടങ്ങിപ്പോയി. മാനവരാശിക്ക് സമാധാനം കൈവരിക്കുവാനായി ദൈവം കാട്ടിത്തന്ന വലിയ ബലി അർപ്പണമാണ് ക്രൂശിൽ മരണം വരിച്ച് ഉയർത്തെഴുന്നേറ്റ ക്രിസ്തുവിലൂടെ നാം കാണേണ്ടത്. അതായത് ലോകത്തിലെ പാപങ്ങളോട് ഏറ്റുമുട്ടി അവസാനം മരണം കൈവരിച്ചാലും അതിനുശേഷം നിത്യമായ ജീവിതം ഉണ്ടെന്നും അവിടെ നമുക്ക് സ്വർഗ്ഗീയ അനുഗ്രഹങ്ങൾ ലഭിക്കുമെന്നുമുള്ള വലിയ പ്രത്യാശ നമുക്ക് മുമ്പിൽ ക്രിസ്തുയേശു വെളിപ്പെടുത്തിതന്നു. പുതിയ മാനവരാശിയെ കെട്ടിപ്പെടുത്താൻ നമുക്കൊരുമിച്ച് മുന്നേറുവാനുള്ള ശക്തി ക്രിസ്തുയേശുവിലൂടെ നമുക്ക് ലഭിച്ചിട്ടുള്ളതുകൊണ്ട് ആത്മിക നന്മകളെ പ്രാപിക്കുവാൻ വരും തലമുറയ്ക്ക് നമുക്ക് വഴികാട്ടികളായിത്തീരാം. സാമൂഹ്യവു, ധാർമ്മികവും, സാംസ്കാരികവും, ആതുരവുമായ സേവനങ്ങളെ മുൻ നിർത്തിക്കൊണ്ട് മുമ്പോട്ടുപോകുവാൻ നമുക്ക് ഒത്തുചേരാം. സമാധാനവും സംതൃപ്തിയും നൽകുന്ന ദൈവസ്നേഹത്തിന്റെ സൗരഭ്യ വാസന പരത്തേണ്ടത് ഓരോ ആത്മികന്റെയും ദൈവ വിശ്വാസിയുടേയും ഉത്തരവാദിത്വമാണെന്ന് മനസ്സിലാക്കണം.

ലൗകിക -ജഢീക സുഖങ്ങൾ നിഷ്ഫലമത്രെ! ആത്മിക ജീവിതം എന്നെന്നും ഫലമുളവാക്കുന്ന നിത്യ ജീവിതം തരുന്നു. ഇത് നാം മനസ്സിലാക്കി ഉണർന്നെഴുന്നേൽക്കാം. ദൈവഭയത്തോടെ ജീവിക്കാൻ മാതൃകയായി നമുക്ക് ഒരുങ്ങാം.

**സംയുക്ത വാർഷികം**

താഴത്തങ്ങാടി മാർ ബസ്സേലിയോസ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക പള്ളിയുടെ ആഭിമുഖ്യത്തിൽ ബസ്സേലിയോസ്, ഗ്രീഗോറിയോസ്, ബഹനാൻ സഹദാ എന്നീ പരിശുദ്ധന്മാരുടെ നാമത്തിൽ നടത്തപ്പെട്ടുപോരുന്ന പ്രാർത്ഥനയോഗങ്ങളുടെ സംയുക്ത വാർഷികം 2010 മാർച്ച് 18-ാം തീയതി പള്ളിയിൽ വച്ച് സമുചിതമായി കൊണ്ടാടുകയുണ്ടായി. പള്ളി വികാരിയും പ്രാർത്ഥനായോഗം പ്രസിഡണ്ടുമായ ബഹു. നിയുക്ത മെത്രാൻ സാബു കുറിയാക്കോസ് അച്ചൻ അദ്ധ്യക്ഷത വഹിച്ചു. ദേവലോകം അരമന മാനേജരും, ബസ്സേലിയോസ് കോളേജ് മുൻ പ്രിൻസിപ്പലുമായിരുന്ന ബഹു. ഫാ. ഇ. എം ഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തി. പള്ളി ട്രസ്റ്റി ശ്രീ. തോമസ് ചാണ്ടി യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം അർപ്പിച്ച് പ്രസംഗിക്കുകയുണ്ടായി. ബസ്സേലിയോസ് പ്രാർത്ഥനായോഗം സെക്രട്ടറി ശ്രീ. കെ. പി. പുന്നൂസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് പള്ളി സെക്രട്ടറി ശ്രീ. സാബു കെ. ജോൺ കൂടിവന്നവർക്ക് സ്നേഹാർദ്രമായ നന്ദി അറിയിച്ചതോടെ യോഗം സമംഗളം പര്യവസാനിച്ചു.



യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിരിക്കുന്ന കൃഷിത്തോട്ടത്തിൽ പ്രവർത്തകർ

**അനുശോചനം**

താഴത്തങ്ങാടിയിൽ നടന്ന ബസ് ദുരന്തത്തിൽ മാർ ബേസിൽ യുവജനപ്രസ്ഥാനം അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു.

**ജൂബിലി വർഷ ആഘോഷങ്ങൾ**

* പതാക ഘോഷയാത്ര
* ഇടവക ദിനം
* ചാരിറ്റി പ്രവർത്തനങ്ങൾ
* ഓണാഘോഷം/ബൈബിൾ കലോൽസവം
* വിവിധ സെമിനാറുകൾ
* ക്വിസ് മത്സരങ്ങൾ
* കുടുംബ മേള
* സാംസ്കാരിക ഘോഷയാത്ര

**Editorial Board**

**Mar Basil Youth Movement Basil Voice**

**K. P .Punnoose, Brijith K Baby, Siby Mathew, Adv. Sajan A Varghese, Suvin K Varghese, Shijo K Mathew, Shino Kurian Parampil, Swetha mariam Varghese, Manju Mariam John, Shyamili Yohannan.**

*DTP & Layout - Alwin's D.T.P, Amayannoor. 9495481130*